**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3675** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ നിയന്ത്രണ ത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | എങ്കിൽ ഇരിങ്ങാലക്കുട കരുവന്നൂർ സഹകരണബാങ്ക് ഏത് രാഷ്ട്രീയപാർട്ടിയുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ നിയന്ത്രണ ത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | പ്രസ്തുത ബാങ്കിൽ അടുത്തകാലത്തായി സാമ്പത്തികതട്ടിപ്പും ക്രമക്കേടും നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും തട്ടിപ്പിനവലംബിച്ച മാർഗ്ഗം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | വായ്പ പലിശ ഉൾപ്പെടെ 1,02,55,49,364/- (102.55 കോടി) രൂപയുടേയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെയും കൂടി ആകെ 1,04,24,83,809.63/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായാണ് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. ബാങ്കിന്റെ പ്രവർത്തന പരിധിയ്ക്ക് പുറത്തുള്ളവരെ അംഗങ്ങളായി ചേർത്ത് വായ്പ നൽകുക, IMBP പരിഗണിക്കാതെ വായ്പ നൽകുക, ഈട് വസ്തുവിന്റെ മതിപ്പ് വില പരിഗണിക്കാതെ വായ്പ നൽകുക, ബാങ്കിന് ഫസ്റ്റ് ചാർജ് ഇല്ലാത്ത ഭൂമി ഈടുപിടിച്ച് വായ്പ നൽകുക, ബാങ്കിൽ ഈട് വച്ച വസ്തു വായ്പാകണക്ക് അവസാനിപ്പിക്കാതെ ഒഴിമുറി വെച്ച് നൽകുക, ബിനാമി വായ്പകൾ നൽകുക, വ്യാജരേഖ ചമച്ച് വായ്പ നൽകുക, സോഫ്റ്റ്‌വെയറിൽ കൃത്രിമങ്ങൾ നടത്തുക, വ്യാപാര പ്രവർത്തനങ്ങളിൽ ക്രമക്കേട് നടത്തുക എന്നിവയാണ് തട്ടിപ്പിന് അവലംബിച്ച മാർഗ്ഗങ്ങൾ. |
| (ഡി) | പ്രസ്തുത സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് പോലീസ് സ്റ്റേഷനിലാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും | (ഡി) | പോലീസ് കേസ് എടുത്തിട്ടുണ്ട്. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സുനിൽകുമാർ, ടി.ആർ.ബിജു, |

| | | | |
|---|---|---|---|
| | പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | | ജിൽസ്, കിരൺ, ബിജോയ്, രജി അനിൽ എന്നിവരാണ് കേസിലെ പ്രതികൾ. (Cr 650/2021 dtd. 14/07/2021) |
| (ഇ) | മേൽപ്പറഞ്ഞ ബാങ്ക് സ്ഥാപിച്ചതെപ്പോഴാണെന്നും ഏതെങ്കിലും ജനപ്രതിനിധി ഇപ്പോഴത്തെ ഭരണസമിതിയിൽ ഉണ്ടോയെന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ഇ) | 25-03-1098(M.E) മുതലാണ് ബാങ്ക് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 25/10/2016 ൽ തിരഞ്ഞെടുക്കപ്പെട്ടതും ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്യപ്പെട്ടതുമായ ഭരണ സമിതിയിൽ പാർലമെന്റ്, അസംബ്ലി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജനപ്രതിനിധികൾ ഇല്ലാത്തതാണ്. |
| (എഫ്) | ബാങ്കിന്റെ ഇപ്പോഴത്തെ ഓഹരി ഉടമകളുടെ എണ്ണം എത്രയാണെന്നും ഓഹരി മൂലധനം എത്രയാണെന്നും വ്യക്തമാക്കാമോ? | (എഫ്) | 2019-20 ആഡിറ്റ് റിപ്പോർട്ട് പ്രകാരം 15901 ഓഹരി ഉടമകളും 6,15,38,334/- ഓഹരി മൂലധനവും ഉണ്ട്. |

സെക്ഷൻ ഓഫീസർ